(ബി & സി) 2003 മാർച്ചിലെ പരീക്ഷാ നടത്തിപ്പിന്റെ ചെലവിന്റെ കണക്ക് പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് കുറഞ്ഞിട്ടുണ്ടോ എന്ന് ഇപ്പോൾ കൃത്യമായി പറയാനാവില്ല.

കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് അഫിലിയേഷൻ സമ്പ്രദായം ഏർപ്പെടുത്തണമെന്ന ഭരണപരിഷ്കാര കമ്മിറ്റിയുടെ ശുപാർശ

99 (2039) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :

ശ്രീ. സാജു പോൾ :

ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് അഫിലിയേഷൻ സമ്പ്രദായം ഏർപ്പെടുത്തണമെന്ന് ഭരണപരിഷ്കാര കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഗവൺമെന്റ് ശുപാർശ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ലബോറട്ടറി, ലൈബ്രറി അടക്കമുള്ള സംവിധാനം ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിശ്ചിത നിലവാരം പുലർത്തുന്നവയാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എം. ജി. പി-യുടെ ഭാഗമായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പല നടപടികളിലൊന്ന് അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെയും അക്കാദമിക് രംഗത്തും ഇതര ഭാഗങ്ങളിലുമുള്ള പ്രകടനത്തിന്റെയും വെളിച്ചത്തിൽ സ്കൂളുകളെ ഗ്രേഡ് ചെയ്തു അഫിലിയേഷൻ നൽകണമെന്നും നിശ്ചിത നിലവാരം പുലർത്താത്ത സ്കൂളുകളുടെ അഫിലിയേഷൻ പിൻവലിക്കണമെന്നുമുള്ളതാണ്. കമ്മിറ്റിയുടെ പ്രസ്തുത ശുപാർശ സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല.

(ബി) ലൈബ്രറികളും ലബോറട്ടറികളും മെച്ചപ്പെടുത്തുന്നതിന് ഓരോ വർഷവും ഗവ. സ്കൂളുകൾക്ക് തുക അനുവദിച്ചു വരുന്നുണ്ട്. നിലവാരം ഉറപ്പു വരുത്തുന്നതിന് സ്കൂളുകളിൽ പരിശോധന നടത്തുവാനും ആവശ്യമായ വിദഗ്ദ്ധോപദേശം നൽകുവാനും നടപടി സ്വീകരിക്കും.

(സി) അദ്ധ്യാപകർക്കുവേണ്ടി എസ്.സി.ഇ.ആർ.ടി. പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

ഹയർ സെക്കണ്ടറി സ്കൂൾ പാഠ്യപദ്ധതി പരിഷ്ക്കരണം

100 (2040) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂൾ പാഠ്യപദ്ധതി പരിഷ്ക്കരണം സർക്കാരിന്റെ ആലോചനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly